"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി- 2024-25 പാലക്കാട് ജില്ല-നെന്മാറ നിയോജകമണ്ഡലം -"**വടവന്നൂർ കൃഷി ഭവൻ കെട്ടിടവും സെമിനാർ ഹാളും**" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1707/2026/LSGD തീയതി,തിരുവനന്തപുരം, 10-09-2026

---

പരാമർശം:- 1.. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 27.02.2026 ലെ LSGD/PD/5254/2026-EW6 നമ്പർ കത്ത്

2. സ.ഉ(സാധാ) നം.1458/2026/ത.സ്വ.ഭ.വ തീയതി 6/8/2026

**ഉത്തരവ്**

2024-2025 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II -ൽ ക്രമ നമ്പർ. 221 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ "**വടവന്നൂർ കൃഷി ഭവൻ കെട്ടിടവും സെമിനാർ ഹാളും**" എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിലേക്കായി, പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം II ൽ ക്രമ നമ്പർ.221 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ "**വടവന്നൂർ കൃഷി ഭവൻ കെട്ടിടവും സെമിനാർ ഹാളും**" എന്ന പ്രവൃത്തിയ്ക്ക് 100 ലക്ഷം രൂപയുടെ ( **നൂറ് ലക്ഷം രൂപ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **'4515-00-800-92(NP)'** എന്ന ശീർഷകത്തിൽ അഡീഷണൽ പ്രൊവിഷൻ ആയി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

3) സൂചന (2) പ്രകാരം ഇക്കാര്യത്തിൽ മുൻപ് പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിൽ പ്രവർത്തി നടപ്പാക്കുന്നതിന്റെ രീതി സംബന്ധിച്ചുള്ള വ്യതിയാനം ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ; സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദുചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

4) ധനവികസന വകുപ്പ് (3488650/Dev-3/117/2026-Fin തീയതി 6/7/2026 )( AS No. AS/LGD/26/52017)

5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർഡി

7) കരുതൽ ഫയൽ (ഡി.ബി2/102/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Digitally signed by
Smitha. L
Date: 11-09-2026
15:53:22
സെക്ഷൻ ഓഫീസർ